DESPATCHED
23/06/2020
16.3.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1802(2)/2019**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ 13929/എസ്.ഐ.സി–ജി 6/19)

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ജി.ഭൂവനേന്ദ്രൻ നായർ,
രേവതി, മണ്ഡപത്തിൻ കടവ്,
ഒറ്റശ്ശേഖരമംഗലം,
പിൻ – 695 125.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& സെക്രട്ടറി,
ഒറ്റശ്ശേഖരമംഗലം ഗ്രാമപഞ്ചായത്ത്,
ഒറ്റശ്ശേഖരമംഗലം പി.ഒ.,
തിരുവനന്തപുരം – 695 125.

2. അപ്പീൽ അധികാരി&
പഞ്ചായത്ത് അസി.ഡയറക്ടർ,
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 25.03.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.04.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 15.05.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 10.06.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 20.08.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 21.08.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 14.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ജി.ഭുവനചന്ദ്രൻ നായർ, 20.08.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 21.08.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1802(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ 6(1) അപേക്ഷയും അപ്പീലും നിയമപരമായി മാനിക്കാതെ അപ്പീൽ ഉത്തരവാകുകയും ടി ഉത്തരവ് എസ്.പി.ഐ.ഒ. പൂർണ്ണമായും പാലിച്ചിട്ടില്ലെന്നും ടിയാൻ നൽകിയ നിരവധി അപേക്ഷകൾക്കും കൃത്യമായ മറുപടി നൽകിയില്ലെന്നും ടിയാന്റെ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ എസ്.പി.ഐ.ഒ.യുടെ ഒപ്പ് രേഖപ്പെടുത്തിയിരുന്നില്ലെന്നും ആകയാൽ നിയമലംഘനം നടത്തിയ ഒന്നും രണ്ടും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 25.03.2019ൽ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 25.05.2007ലെ 47058/എ എ3/06 നമ്പർ തദ്ദേശസ്വയംഭരണ (എ എ) വകുപ്പ് ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ കത്തിന്റെ ശരിപ്പകർപ്പ് നൽകണമെന്നും 08.11.2006ലെ മേൽ നമ്പർ സർക്കാർ കത്തിന്റെ പകർപ്പ് നൽകണമെന്നും 25.11.2006ൽ ടി ഗ്രാമപഞ്ചായത്തിൽ സർക്കാർ നടത്തിയ അന്വേഷണത്തിന്റെ പൂർണ്ണമായ വിവരവും മറുപടിയുടെ ശരിപ്പകർപ്പ് നൽകണമെന്നും തുടങ്ങി 20 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 20.40.2019ന് ലഭിച്ച മറുപടിയിൽ തൃപ്തനാകാതെ 10.06.2019ന് ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

4. 23.11.2019ൽ രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചിട്ടില്ലെന്നു കാണിച്ച് ടി ഓഫീസിൽ സമർപ്പിച്ചിരുന്ന അപ്പീലിന്മേൽ ടിയാൻ ആവശ്യപ്പെട്ട് വിവരങ്ങൾ കണ്ടെത്തി 10 ദിവസത്തിനകം ടിയാന് നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തുവെന്നുമാണ്. ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന SGRY പ്രവർത്തികളിന്മേൽ നടന്ന ക്രമക്കേടുമായി ബന്ധപ്പെട്ടുള്ള വിജിലൻസ് അന്വേഷണത്തിന്റെ പൂർണ്ണ വിവരങ്ങളും സർക്കാർ കത്തുകളും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലാതിരുന്നതിനാൽ ടിയാന്റെ അപേക്ഷയ്ക്ക് അത്തരത്തിലൊരു മറുപടി നൽകിയതെന്നും ടി വിജിലൻസ് അന്വേഷണത്തിന്റെ റിപ്പോർട്ടും

ആയതിന് ഉത്തരവാദികളായവരിൽ നിന്നും ഈടാക്കാൻ സർക്കാർ നിർദ്ദേശം നൽകിയ കത്തും അടങ്ങിയ ഫയൽ ലഭിച്ചെങ്കിലും ആയതിലും ടിയാൻ ആവശ്യപ്പെട്ട കത്തുകൾ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്ന് ഒന്നാം എതിർകക്ഷി റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നുമാണ്. ടി സാഹചര്യത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ മുഴുവൻ പകർപ്പും ലഭ്യമാക്കാൻ ഒന്നാം എതിർകക്ഷിയ്ക്ക് സാധിച്ചിട്ടില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് കൃത്യമായ മറുപടി നൽകിയില്ലെന്നും ടിയാന്റെ അപേക്ഷ പരിഗണിച്ചിട്ടില്ലെന്നും ലഭ്യമായ മറുപടി സാക്ഷ്യപ്പെടുത്തി നൽകിയിരുന്നില്ലെന്നും ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ടിയാന്റെ അപേക്ഷയിലെ 1, 2, 3 എന്നിവയ്ക്ക് ഫയൽ ലഭ്യമല്ല എന്നാണ് മറുപടി നൽകിയതെന്നും നടപടിയിലിരിക്കുന്ന ഫയൽ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന മറുപടി ശരിയല്ലെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകി. എന്നാൽ ടിയാൻ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും നൽകിയിട്ടുണ്ടെന്നും അനധികൃതമായി കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഇരുകക്ഷികളുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഓഫീസിൽ നേരിട്ട് ഹാജരായി രേഖകൾ പരിശോധിക്കാൻ ഹർജിക്കാരന് അവസരം നൽകണമെന്നും ടിയാന് ഏതെങ്കിലും രേഖകൾ ആവശ്യമുണ്ടെങ്കിൽ ആയത് സൗജന്യമായി നൽകണമെന്നും അപ്രകാരമൊരു റിപ്പോർട്ട് രണ്ടാഴ്ചയക്ക്കം സമർപ്പിക്കണമെന്നും കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 16–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/